REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- മികച്ച പശ്ചാത്തല സൗകര്യമൊരുക്കി കേരളത്തെ വികസന ഹബ്ബാക്കി മാറ്റാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ്.
- കനത്ത മഴയിൽ ജലനിരപ്പ് ഉയർന്നതിനാൽ മുല്ലപ്പെരിയാർ അണക്കെട്ട് തുറന്ന് വെള്ളം ഒഴുക്കിത്തുടങ്ങി.
- നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമരയ്ക്ക് ഇരട്ട ജീവപര്യന്തവും പിഴ ശിക്ഷയും.
- ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു.
- ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാന്റ്, പാകിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

മികച്ച പശ്ചാത്തല സൗകര്യമൊരുക്കി കേരളത്തെ വികസന ഹബ്ബാക്കി മാറ്റാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ഇതിന്റെ ഭാഗമായി വികസനം പൂർത്തിയാക്കി ദേശീയ പാത - 66 അടുത്ത പുതു വത്സര ദിനത്തിൽ തുറന്ന് കൊടുക്കും. താമരശ്ശേരി ചുരത്തിലെ മൂന്ന് ഹെയർ പിൻ വളവുകൾ നവീകരിക്കാനും നടപടിയെടുക്കും. നിർദ്ധിഷ്ട ഗ്രീൻഫീൽഡ് ഹൈവേയുടെ പ്രവൃത്തി ഉടൻ തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

കോഴിക്കോട്ട് വിഷൻ 2031' ന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ സെമിനാർ കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട് യാർഡിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

റോഡ് വികസനത്തിനായി 35,000 കോടി, ഗവൺമെന്റ് ഇതുവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന റോഡുകൾ നാലുവരിപാതയാക്കുമെന്നും മുഹമ്മദ് റിയാസ് പറഞ്ഞു. ടൂറിസം കേന്ദ്രങ്ങളിലും ഡിസൈൻ റോഡുകൾ നിർമിക്കും. ഗോത്രമേഖലകളിൽ കണക്ടിറ്റി ഉറപ്പാക്കും. സ്ത്രീ- ഭിന്നശേഷി സൗഹൃദ ഷെൽറ്ററുകൾ സ്ഥാപിക്കുകയും വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്യും.

സമഗ്ര റോഡ് സുരക്ഷാ നയം ഉറപ്പാക്കുമെന്നും, റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുമെന്നും മന്ത്രി അറിയിച്ചു.

ലെവൽക്രോസ് ഇല്ലാത്ത കേരളമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ഫുട് ഓവർബ്രിഡ്ജ് സ്ഥാപിക്കും. പൊതുമരാമത്ത് വകുപ്പിൽ ഗവൺമെന്റിന് സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞതായി മുഹമ്മദ് റിയാസ് അവകാശപ്പെട്ടു.

✪✪✪

കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്നതിനാൽ മുല്ലപ്പെരിയാർ അണക്കെട്ട് തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങി. 13 ഷട്ടറുകളിൽ എട്ട് ഷട്ടറുകളാണ് നിലവിൽ തുറന്ന് വിട്ടിരിക്കുന്നത്. വെള്ളം ഒഴുകിയെത്തുന്ന പെരിയാറിന്റെ തീരവാസികൾക്ക് ജില്ലാ ഭരണകൂടം ജാഗ്രതാ നിർദേശം നൽകി

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.......

........വോയ്സ്........

വൃഷ്ടി പ്രദേശങ്ങളിലുണ്ടായ അതിശക്തമായ മഴയെ തുടർന്നാണ് മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നത്. ഇന്ന് രാവിലെ 138 അടിക്ക് മുകളിൽ ജലനിരപ്പ് എത്തിയിരുന്നു. ഇതോടെയാണ് ഷട്ടറുകൾ തുറന്ന് വെള്ളം ഒഴുക്കിവിടാൻ തീരുമാനിച്ചത്. രാവിലെ ഒമ്പത് മണി മുതൽ മൂന്ന് ഷട്ടറുകൾ തുറന്ന് 1078 ഘനയടി വെള്ളം പുറത്തേയ്ക്ക് ഒഴുക്കി വിടാൻ തുടങ്ങി. 11 മണിയോടെ അഞ്ച് ഷട്ടറുകൾ കൂടി തുറന്ന് പുറത്തേക്ക് ഒഴുക്കുന്ന വെള്ളത്തിന്റെ അളവ് 3763 ഘന അടിയാക്കി. പരമാവധി 5000 ഘന അടി വെള്ളം സ്പിൽവേ ഷട്ടറുകൾ വഴി പുറത്തേയ്ക്ക് ഒഴുക്കി വിടാനാണ് തീരുമാനം. ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 138.25 അടിയാണ് ഡാമിലെ ജലനിരപ്പ്. ഡാമിലേയ്ക്ക് ശക്തമായ നീരൊഴുക്കുമുണ്ട്. സെക്കന്റിൽ 17,828 ഘന അടി വെള്ളമാണ് ഡാമിലേയ്ക്ക് ഒഴുകി എത്തുന്നതെന്ന് അധികൃതർ അറിയിച്ചു. പെരിയാർ നദിയിൽ ജലനിരപ്പ് കുറവായതിനാലാൽ തന്നെ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇടുക്കി കട്ടപ്പന, കുന്തളം പാറയിൽ പുലർച്ചെ ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ശക്തമായ മലവെള്ള പാച്ചിലിൽ റോഡുകളും കൃഷിയിടങ്ങളും ഒലിച്ച് പോയി. ഇന്നലെ രാത്രിയിലുണ്ടായ കനത്ത മഴയിൽ വണ്ടിപ്പെരിയാർ കക്കികവല ആറ്റിൽ വെള്ളം പൊങ്ങിയതിനെ തുടർന്ന് സമീപത്തെ വീടുകളിൽ വെള്ളം കയറി. ആളുകളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി. ഏതാനും വാഹനങ്ങളും ഒഴുക്കിൽപെട്ടു.

നെടുങ്കണ്ടത്ത് ഇന്നലെ രാത്രി ഉണ്ടായ അതിശക്തമായ മഴയെത്തുടർന്ന് കല്ലാർ ഡാമിലെ എല്ലാ ഷട്ടറുകളും തുറന്നു. ഇതോടെ പെരിഞ്ചാകുട്ടി, മേലേചിന്നാർ, ചെമ്പകപ്പാറ മേഖലയിൽ ശക്തമായ മലവെള്ളപ്പാച്ചിൽ ഉണ്ടായി. ഇവിടത്തെ താൽക്കാലിക പാലങ്ങളെല്ലാം തകർന്നു. വീടുകളിലും കൃഷിയിടങ്ങളിലും വെള്ളം കയറി. മേഖലയിൽ വ്യാപകമായ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി ഇന്ന് ഒമ്പത് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പാലക്കാട് നെന്മാറ സജിത വധക്കേസിലെ പ്രതി ചെന്താമരയ്ക്ക് പാലക്കാട് ജില്ലാ അഡിഷണൽ സെഷൻസ് കോടതി ഇരട്ട ജീവപര്യന്തവും പിഴ ശിക്ഷയും വിധിച്ചു. 3,25,000 രൂപയാണ് പിഴ അടക്കേണ്ടത്. ചൊവ്വാഴ്ച കേസിൽ പ്രതി ചെന്താമര കുറ്റക്കാരനെന്ന് കോടതി വിധിച്ചിരുന്നു.

2019 ഓഗസ്റ്റ് 31നാണ് അയൽവാസിയായ നെന്മാറ പോത്തുണ്ടി, തിരുത്തംപാടത്ത് സജിതയെ ചെന്താമര വെട്ടിക്കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ചെന്താമര ഈ വർഷം ജനുവരി 27നു സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെയും വെട്ടി ക്കൊലപ്പെടുത്തിയിരുന്നു.

✪✪✪

രാഷ്ട്രപതിയുടെ ശിവഗിരി സന്ദർശനത്തിന് മുന്നോടിയായി വിവിധ വകുപ്പുകളുടെ യോഗം ശിവഗിരിയിൽ ചേർന്നു. സുരക്ഷാ ക്രമീകരണങ്ങളും പരിപാടിയുടെ വിശദാംശങ്ങളും യോഗം വിലയിരുത്തി.

✪✪✪

രാജ്യമെമ്പാടും ഇന്ന് ധൻതെരാസ്  ഉത്സവം ആഘോഷിക്കുന്നു. സ്വർണ്ണം അല്ലെങ്കിൽ വെള്ളി വസ്തുക്കൾ, പുതിയ പാത്രങ്ങൾ എന്നിവ വാങ്ങുന്നതിന് ആളുകൾ ഈ ദിവസം ശുഭകരമായ ദിവസമായി കണക്കാക്കുന്നു. ധൻതെരാസ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസകൾ നേർന്നു.

✪✪✪

ലഖ്നൗവിലെ ബ്രഹ്മോസ് എയ്റോസ്പേസ് യൂണിറ്റിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകളുടെ ആദ്യ ബാച്ച് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. മിസൈൽ സിസ്റ്റം നിർമ്മാണം മുതൽ അന്തിമ പരീക്ഷണം വരെ മുഴുവൻ പ്രക്രിയയും തദ്ദേശീയമായി നടത്തുന്ന രാജ്യത്തെ ആദ്യ പ്രതിരോധ സംവിധാനമാണിത്.

✪✪✪

ഇന്ന് ലോക ആർത്തവ വിരാമ ദിനം. സന്തുലിത ഭക്ഷണവും യോഗയും മനഃശാന്തിയും ആയുർവേദചര്യകളും പാലിച്ച് ആർത്തവ വിരാമകാല പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആയുഷ് മന്ത്രാലയം സ്ത്രീ സമൂഹത്തോട് അഭ്യർത്ഥിച്ചു. ശാരീരികവും മാനസികവും ഹോർമോൺപരവുമായ സന്തുലനം പാലിക്കാൻ ആയുർവേദത്തിന് കഴിയുമെന്ന് കാലം തെളിയിച്ചു കഴിഞ്ഞതായും മന്ത്രാലയം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11ന്  പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 127-ാം പതിപ്പാണിത്.  മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും  ഈ മാസം 24 വരെ പങ്കുവയ്ക്കാം.

✪✪✪

സംസ്ഥാനത്തെ മൂന്ന് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ NQAS ലഭിച്ചതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. തൃശൂർ ജനറൽ ആശുപത്രി, വയനാട് അപ്പാട് ജനകീയാരോഗ്യകേന്ദ്രം എന്നിവക്ക് പുതുതായി അംഗീകാരം ലഭിച്ചപ്പോൾ കണ്ണൂർ ചെറുതാഴം കുടുംബാരോഗ്യകേന്ദ്രത്തിന് പുനരംഗീകാരമാണ് ലഭിച്ചത്. ഇതോടെ സംസ്ഥാനത്തെ 277 ആരോഗ്യകേന്ദ്രങ്ങൾക്ക് NQAS ലഭിച്ചതായി മന്ത്രി പറഞ്ഞു.

✪✪✪

ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുത്തു. പ്രതികൂല കാലാവസ്ഥയിലും സന്നിധാനത്ത് വലിയ  തിരക്കാണ്.

പത്തനംതിട്ട പ്രതിനിധി ശ്രിജി S ശ്രീധർ..

.....വോയ്സ്.......

തൃശൂർ ചാലക്കുടി മറ്റത്തൂർകുന്ന് ഏറന്നൂർ മനയിലെ പ്രസാദ് ഇ.ഡി ശബരിമല മേൽശാന്തിയായും കൊല്ലം മയ്യനാട് ആയിരംതെങ്ങ് മുട്ടത്തുമഠത്തിൽ മനു നമ്പൂതിരി എം.ജി  മാളികപ്പുറം മേൽശാന്തിയായും പന്തളം കൊട്ടാര അംഗങ്ങളായ കുട്ടികൾ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. അടുത്ത മണ്ഡലകാലം മുതൽ ഒരു വർഷത്തേയ്ക്കുള്ള പുറപ്പെടാശാന്തിമാരായിരിക്കും ഇവർ. ഹൈക്കോടതി നിയോഗിച്ച പ്രത്യേക നിരീക്ഷകന്റെ സാന്നിധ്യത്തിലാണ് നറുക്കെടുപ്പു നടന്നത്. പ്രതികൂല കാലാവസ്ഥയിലും വലിയ  തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്. പമ്പയിൽ തീർഥാടകരുടെ വാഹന തിരക്ക് കാരണം ചെറിയ വാഹനങ്ങൾക്ക് മാത്രമാണ് പാർക്കിംഗ് അനുവദിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു സന്നിധാനത്ത് 22ന് രാവിലെ ദർശനത്തിനെത്തുന്നത് പ്രമാണിച്ച് സുരക്ഷയ്ക്കായുള്ള ട്രയലുകൾ ഉൾപ്പെടെയുള്ള നടപടികൾ പമ്പ-സന്നിധാനം പാതയിൽ നടന്നുവരുന്നുണ്ട്.

✪✪✪

കായിക മത്സരങ്ങൾ ശരീരശക്തിയുടെയും മനോബല ത്തിന്റെയും പാഠമാണെന്നും വിജയത്തേക്കാൾ വലുതാണ് പങ്കെടുക്കാൻ കാണിക്കുന്ന ധൈര്യമെന്നും മന്ത്രി V ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരത്ത്  പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന കളിക്കളം 2025 കായിക മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു  മന്ത്രി. പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുട്ടിയുടെയും വളർച്ചയും ആത്മവിശ്വാസവും ഉറപ്പാക്കു കയാണ് ഈ കായിക മേളയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

മൂന്നു ദിവസത്തെ മേളയിൽ സംസ്ഥാനത്തെ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും 120 പ്രീമെട്രിക് ഹോസ്റ്റലുകളിൽനിന്നുമായി 1500 കുട്ടികൾ വിവിധ ഇനങ്ങളിൽ മത്സരിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ മാർച്ച് പാസ്റ്റിൽ കുളത്തൂപ്പുഴ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ബെസ്റ്റ് മാർച്ച് അവാർഡ് നേടി.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാന്റ്, പാകിസ്ഥാനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിലാണ് മത്സരം.

✪✪✪

21-ാമത് സംസ്ഥാന എക്സൈസ് കലാകായികമേള വയനാട് കൽപ്പറ്റ ജിനചന്ദ്രൻ മെമ്മോറിയൽ ജില്ലാ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. മേള ഇന്നലെ മന്ത്രി OR കേളു ഉദ്ഘാടനം ചെയ്തു. ഇന്ന് കായിക മത്സരങ്ങൾ ജില്ലാ സ്റ്റേഡിയത്തിലും കലാ മത്സരങ്ങൾ മുണ്ടേരി ഗവൺമെൻറ് VHSS-ലും നടത്തും. നാളെ മേള സമാപിക്കും.

✪✪✪

പാലക്കാട് ജില്ലയിലെ രായിരനെല്ലൂർ മലകയറ്റത്തിന് തുടക്കമായി. നാറാണത്ത് ഭ്രാന്തന് ദേവീ ദർശനം ലഭിച്ചെന്ന ഐതിഹ്യവുമായി ബന്ധപ്പെട്ടാണ് എല്ലാവർഷവും തുലാം ഒന്നിന് വിശ്വാസികൾ രായിരനെല്ലൂർ മല കയറുന്നത്.

പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്....

.......വോയ്സ്.......

വിശേഷാൽ പൂജകൾക്ക് ശേഷം പുലർച്ചെ തന്നെ മലകയറ്റം ആരംഭിച്ചു. നാറാണത്ത് ഭ്രാന്തന്റെ കൂറ്റൻ പ്രതിമയും ദുർഗാദേവി ക്ഷേത്രവുമാണ് മലമുകളിൽ ഉള്ളത്.മലകയറി എത്തുന്ന ഭക്തർ നാറാണത്ത് ഭ്രാന്തന്റെ പ്രതിമ വലംവച്ചും ക്ഷേത്രത്തിൽ പൂജകൾ നടത്തിയുമാണ് മലയിറങ്ങുക.ഇത്തവണ മലയുടെ പടിഞ്ഞാറു ഭാഗത്ത് ചവിട്ടുപടിയിലൂടെ കയറി റോഡിലൂടെ ഇറങ്ങാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.മല ഇറങ്ങിയതിന് ശേഷം നടുവട്ടത്തെ നാറാണത്ത് ഭ്രാന്തന്റെ ഇല്ലവും , കൈപ്പുറത്തെ ഭ്രാന്താചല ക്ഷേത്രവും, നാറാണത്ത് ഭ്രാന്തൻ തപസ്സിരുന്നുവെന്ന് കരുതുന്ന പാറക്കല്ലും സന്ദർശിച്ച ശേഷമായിരിക്കും ഭക്തർ മടങ്ങുക

✪✪✪

കോഴിക്കോട് കോർപ്പറേഷനിൽ അഴിമതിയും, ദുർഭരണവും, സ്വജനപക്ഷപാതവും ആരോപിച്ച് BJP സംഘടിപ്പിക്കുന്ന പഞ്ച ദിന പ്രതിഷേധ മാർച്ചിന്റെ രണ്ടാം ദിവസമായ ഇന്ന് കല്ലായ്റോഡിൽ നിന്ന് മാർച്ച് ആരംഭിച്ചു. മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഒരു കോടി തൈകൾ നടാം പ്രചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഏറ്റവും അധികം തൈകൾ നട്ടതിന് പുരസ്കാരം കണ്ണൂർ ജില്ലയ്ക്ക് .

കണ്ണൂർ ജല്ലാ പ്രതിനിധി KO.ശശിധരൻ......

(വോയിസ്)..........

ഒക്ടോബർ 15 വരെ 731836 തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ടാണ് ജില്ല ഓനാം സ്ഥാനത്ത് എത്തിയത്.. ആറ് ലക്ഷം വൃക്ഷതൈകൾ നടാനായിരുന്നു ലക്ഷ്യം. ഗ്രന്ഥശാലകളും വൃക്ഷതൈ നഴ്സറികളും സംഘടിപ്പിച്ചു നല്കിയ തൈകളാണ് പദ്ധതിയുടെ ഭാഗമായി നട്ടത്. ചങ്ങാതിക്കൊരു തൈ എന്ന പേരിലാണ് വിദ്യാലയങ്ങളിൽ പരിപാടി സംഘടിപ്പിച്ചത്. ഓർമ്മ മരം എന്ന പേരിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മരങ്ങൾ നട്ടു. തൈകൾ ശേഖരിക്കുകയും നടുകയും ചെയ്തതിൽ ജില്ലയിലെ 38 കുടുംബശ്രീ സി.ഡി. എസു കൾക്കും പുരസ്കാരം ലഭിച്ചു. ഹരിത കേരളം മിഷൻ തിരുവനന്തപുരത്ത് നടത്തിയ പച്ചത്തുരുത്ത് പുരസ്കാര വേദിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സംസ്ഥാന ഡയരക്ടർ ഡി. രഞ്ജിത്തിൽ നിന്ന് ഹരിത കേരളം മിഷൻ ജില്ലാ മിഷൻ കോ. ഓഡിനേറ്റർ ഇ.കെ.. സോമശേഖരന്റെ നേതൃത്വത്തിലുള്ള ടീം പുരസ്കാരം ഏറ്റുവാങ്ങി.

✪✪✪

കൊച്ചി പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിൽ നിന്ന് മാറുന്ന വിദ്യാർത്ഥിനിക്ക് സംസ്ഥാനത്ത് ഏത് സ്കൂളിലും പ്രവേശനത്തിന് ആവശ്യമായ പ്രത്യേക ഉത്തരവ് നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ശിരോവസ്ത്രത്തിന്റെ പേരിൽ വിദ്യാർത്ഥിനിയെ മാറ്റി നിർത്തിയ സംഭവം പ്രതിഷേധാർഹവും, കേരളത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യത്തിന് ചേരാത്തതുമാണെന്ന് മന്ത്രി പറഞ്ഞു. ഇതിന്റെ പൂർണ ഉത്തരവാദിത്തം സ്കൂൾ മാനേജ്മെന്റിനാണെന്നും ശിവൻകുട്ടി വ്യക്തമാക്കി.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,400 രൂപ കുറഞ്ഞ് 95,960 രൂപയായി. ഗ്രാമിന് 11,995 രൂപയാണ് ഇന്നത്തെ വില.

✪✪✪

വയനാട് ബത്തേരി അർബൻ ബാങ്ക് നിയമന അഴിമതിയുമായി ബന്ധപ്പെട്ട് IC ബാലകൃഷ്ണൻ MLAയെ പ്രതിയാക്കി വിജിലൻസ് FIR ഇട്ടു. NM വിജയന്റെ മരണത്തിന് പിന്നാലെ ഉയർന്നുവന്ന നിയമന അഴിമതി വിവാദത്തിലാണ് വിജിലൻസ് FIR തയ്യാറാക്കിയത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader : സബിത കെ*
*NRTs : അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*